എയ്ഡഡ് സ്കൂളുകളിൽ 9,10,11,12 എന്നീ ക്ലാസ്സുകളിൽ പഠിച്ചിരുന്ന 205000 (രണ്ടുലക്ഷത്തി അയ്യായിരം) പെൺകുട്ടികൾക്ക് റുബെല്ലാ വാക്സിൻ സാമൂഹ്യനീതി, വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നൽകിയിട്ടുണ്ട്. 2014-2015 ലും ഈ പദ്ധതി തുടരുന്നുണ്ട്.

(ബി) റുബെല്ലാ വാക്സിനേഷൻ പരിപാടി ഇപ്പോൾ ഏതൊക്കെ സംസ്ഥാനത്ത് നടപ്പാക്കുന്നു എന്നുള്ള വിവരം ലഭ്യമല്ല. സാമൂഹ്യനീതി, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് നടപ്പിലാക്കുന്ന സ്റ്റേറ്റ് ഇനിഷിയേറ്റീവ് ഓൺ ഡിസ്എബിലിറ്റീസ് എന്ന പദ്ധതിയുടെ വിദഗ്ധ സമിതിയുടെ നിർദ്ദേശപ്രകാരമാണ് ഇത് നടപ്പിലാക്കിയത്. വൈകല്യം തടയുക എന്ന ഉദ്ദേശത്തോടെയാണ് ഇത് നടപ്പിലാക്കിയത്. എം.എം.ആർ., റുബെല്ലാ എന്നീ വാക്സിനുകൾക്കും ഈ പരിപാടിയുടെ പ്രചരണത്തിനുമായി യഥാക്രമം 5,02,42,920 (അഞ്ചുകോടി രണ്ടുലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി ഇരുപത്) രൂപയും 30,00,39,180 (മുപ്പതുകോടി മുപ്പത്തി ഒമ്പതിനായിരത്തി നൂറ്റി എൺപത്) രൂപയും 1,92,00,000 (ഒരു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷം) രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) സ്റ്റേറ്റ് ഇനിഷിയേറ്റീവ് ഓൺ ഡിസ്എബിലിറ്റീസിന്റെ ഭാഗമായി 1 ½ വയസ്സുള്ള കുട്ടികൾക്ക് എം.എം.ആർ. വാക്സിനും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് റുബെല്ലാ വാക്സിനേഷനും 2013-2014 സാമ്പത്തിക വർഷം മുതലാണ് നൽകുവാൻ ആരംഭിച്ചത്. ആയതിനാൽ ഇപ്പോൾ റുബെല്ലാ വാക്സിനേഷൻ എടുക്കുന്ന കൗമാരപ്രായക്കാരായ പെൺകുട്ടികൾ അവരുടെ ചെറുപ്പത്തിൽ എം.എം.ആർ. വാക്സിനേഷൻ എടുക്കുന്ന പദ്ധതി നിലവിലില്ലാത്തതിനാൽ അത് എടുത്തിട്ടുണ്ടാവില്ല. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായാണ് കൗമാരപ്രായക്കാർക്ക് ഇപ്പോൾ റുബെല്ലാ വാക്സിനേഷൻ നൽകിവരുന്നത്. ഇനിയും 11 വർഷക്കാലത്തേയ്ക്കാണ് കൗമാരപ്രായക്കാർക്ക് ഇത്തരത്തിൽ റുബെല്ലാ വാക്സിനേഷൻ നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്.

അർബൻ സ്ലം ഹെൽത്ത് അപ്ലിഫ്റ്റ്മെന്റ് സ്കീം(USHUS)

18 (*378) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ സ്ലം ഹെൽത്ത് അപ്ലിഫ്റ്റ്മെന്റ് സ്കീം (USHUS)-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയോ; എങ്കിൽ എന്ന് മുതൽ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) നഗരപ്രദേശങ്ങളിൽ ചേരികളിൽ താമസിക്കുന്നവർക്കായി ആരോഗ്യ ബോധവത്കരണം, രോഗപരിശോധന, ചികിത്സ എന്നിവ ലഭ്യമാക്കുകയാണ് ഉഷസ് എന്ന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. നഗര ചേരി നിവാസികളുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ആരോഗ്യ സേവന സംവിധാനങ്ങളുടെ വ്യാപനവും ലഭ്യതയും വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഒരു നഗര ചേരി ആരോഗ്യ വികസന പദ്ധതിയാണിത്.

(ബി) നടപ്പിലാക്കി; ഒക്ടോബർ മാസം 2 -ാം തീയതി മുതൽ ഈ പദ്ധതി നടപ്പിൽ വന്നു.

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ കളക്ടർമാർ, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർമാർ, ആരോഗ്യവകുപ്പ് സംസ്ഥാന, ജില്ലാ മേധാവികൾ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാസംതോറുമുള്ള ഉഷസ് പദ്ധതിയുടെ അവലോകനം കളക്ടർ ഉൾപ്പെടുന്ന ജില്ലാതല ആരോഗ്യ ഭരണ സമിതി നടത്തുവാനായി തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനതല അവലോകനം മാസം തോറുമുള്ള എസ്.എം.ഒ./ഡി.പി.എം. മീറ്റിംഗിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ടൂറിസം ബോർഡ് രൂപീകരണം

19 (*379) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖല സൃഷ്ടിക്കുന്ന അനുബന്ധ തൊഴിൽ മേഖലയുടെ വ്യാപ്തി എത്രത്തോളമുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly